**പതിനാലാം കേരളനിയമസഭ**

**പതിനേഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 24**

**02.03.2020-ലെ മറുപടിക്ക്**

## 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതി

| ചോദ്യം<br>ശ്രീ.അനിൽ അക്കര | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2030-തോടെ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാന തലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) 2030-ഓടെ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നടത്തിവരുന്നു.<br>• സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ആസൂത്രണവും നിർവ്വഹണവും നിരീക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പ് നോഡൽ വകുപ്പായും, അതിന്റെ ഡയറക്ടർ നോഡൽ ഓഫീസറായും പ്രവർത്തിച്ചുവരുന്നു.<br>• സുസ്ഥിര വികസന ലക്ഷ്യങ്ങൾ സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും വേണ്ടി ദൃഢവും സുവ്യക്തവുമായ സ്ഥാപന തല ചട്ടക്കൂട് രൂപകല്പനചെയ്തു പ്രവർത്തിച്ചു വരുന്നു. ഇതിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി അധ്യക്ഷനുമായ SDG Monitoring Group ഉം ഉൾപ്പെടുന്നു. ഇത് കൂടാതെ വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥ-അനുദ്യോഗസ്ഥ സംവിധാനങ്ങളെ ഉൾപ്പെടുത്തി സ്ഥാപനതല ചട്ടക്കൂട് ശാക്തീകരിക്കുന്നതിനു വേണ്ടി കരട് പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

- വിവിധ നിർവഹണ വകുപ്പുകൾ / ഏജൻസികൾ എന്നിവയെ ഏകോപിപ്പിച്ച് സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി ഓരോ ലക്ഷ്യത്തിനും നോഡൽ വകുപ്പിനെയും, അതാത് ഭരണ വകുപ്പിലെ നോഡൽ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുന്നതിനും താഴെത്തട്ടിലേക്ക് എത്തിക്കുന്നതിനും ഫലപ്രദമായ നിർവഹണത്തിനും നിരീക്ഷണത്തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിലെ വിവിധ വകുപ്പുകളിലെ/ ഏജൻസികളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാലകൾ (Thematic Workshops) 2018, ഫെബ്രുവരി 16 ന് നടത്തുകയുണ്ടായി.
- പ്രസ്തുത ശില്പശാലയുടെ തുടർച്ചയായി ഓരോ ലക്ഷ്യവുമായി ബന്ധപ്പെട്ട വകുപ്പുകളിലെ/ ഏജൻസികളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുകയും അവയുടെ യോഗങ്ങൾ നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ വിവിധ സൂചകങ്ങളുടെ സ്ഥിതിവിവരക്കണക്കുകളുടെ ലഭ്യതയെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും ദേശീയ സൂചക ചട്ടക്കൂടിനെ (National Indicator Famework) ചുവടുപിടിച്ച് സംസ്ഥാന സൂചക ചട്ടക്കൂട് (Sate Indicator Famework) തയ്യാറാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തല സൂചകങ്ങൾ വികസിപ്പിക്കുന്നതിനും മാറ്റങ്ങൾ നിർദേശിക്കുന്നതിനും വേണ്ടി വിദഗ്ധരെ ഉൾപ്പെടുത്തി Expert Group രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രാപ്തമാക്കുന്നതിന് ആവശ്യമായ വിഭവം കണ്ടെത്തുന്നതിനായി കേന്ദ്ര

പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും ധന വിഭവത്തെ സംബന്ധിച്ച് ഒരു മാപ്പിംഗ് വർക്ക്ഷോപ്പ് 2018, ജൂൺ 19 ന് സംഘടിപ്പിക്കുകയുണ്ടായി.

- സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി സ്ഥാപനതല ചട്ടക്കൂട് തയ്യാറാക്കുന്നതിനും അതിന്റെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് തയ്യാറാക്കുന്നതിനുമായി ഒരു പ്രാഥമിക വർക്ക്ഷോപ്പ് 2018, ജൂലൈ 16 ന് സംഘടിപ്പിച്ചു.
- സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സ്ഥാപനതല ചട്ടക്കൂടിൽ കിലയെ Training & Capacity Building Partner ആയും, സംസ്ഥാന ആസൂത്രണ ബോർഡിനെ strategic partner ആയും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിനെ data partner ആയും ഉൾപ്പെടുത്തിയിട്ടുണ്ട്.
- സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും (stake holders) കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതി കിലയിലൂടെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രാദേശീയ തലത്തിലും തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഇതിലേക്കായി വിവിധ തലത്തിലുള്ള ട്രെയിനിങ് മോഡ്യൂളുകളും ടൂൾകിറ്റുകളും വികസിപ്പിച്ചിട്ടുണ്ട്
- കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ നിലവിലെ സ്ഥിതിവിവരകണക്കിന്റെ അടിസ്ഥാനത്തിൽ ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.
- "Building Capacities for SDGs- Strategies and Action"എന്ന വിഷയത്തിൽ ദേശീയ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് കിലയുടെ നേതൃത്വത്തിൽ ദേശീയ ശില്പശാല 2018 മാർച്ച് 5, 6 തീയതികളിൽ നടത്തുകയുണ്ടായി.
- UNICEF മായി ചേർന്ന് 'Development of SDG Dashboard in Kerala' എന്ന വിഷയത്തിൽ 2019

ഡിസംബർ 10 ന് ഒരു പ്രാഥമിക വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

- വിവിധ stakeholders-നെ ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നീതി ആയോഗ് പുറത്തിറക്കിയ 'SDG India Index 2018', 'SDG India Index 2019' എന്നീ റിപ്പോർട്ടുകളിൽ കേരളത്തിന് ഒന്നാം സ്ഥാനം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും ചില മേഖലകളിൽ കൂടി കേരളത്തിന് ഇനിയും മുന്നേറാനുണ്ട്. ഇതിനാവശ്യമായ ഇടപെടൽ നടത്തുന്നതിനുവേണ്ടി അതതു വകുപ്പു തലങ്ങളിൽ ചർച്ച നടത്തി മുന്നോട്ടുപോകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതിന്റെ ഭാഗമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ സ്റ്റീയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഉണ്ട്. സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിലും നിരീക്ഷിക്കുന്നതിലും Apex body ആയി പ്രവർത്തിക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നയപരമായ തീരുമാനങ്ങൾ ചർച്ച ചെയ്ത് ഉന്നത തലത്തിൽ ഉചിതമായ നടപടികൾ / തീരുമാനങ്ങൾ എടുക്കുന്നതിന് ശുപാർശ ചെയ്യുക, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ സംസ്ഥാന നിർദ്ദിഷ്ട സൂചകങ്ങൾ അന്തിമമാക്കുകയും അത് മന്ത്രിസഭയ്ക്ക് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുക, സംസ്ഥാനത്ത് സുസ്ഥിരവികസനലക്ഷ്യങ്ങൾ നടപ്പാക്കുന്നത് അവലോകനം ചെയ്യുക എന്നിവയാണ് ഈ കമ്മിറ്റിയുടെ പ്രധാന ഉത്തരവാദിത്തങ്ങൾ.

(സി) സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അതത് വർഷങ്ങളിൽ നടത്തി വരുന്നു. 2020-21 വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനുവേണ്ട കർമ്മ പരിപാടികൾക്ക് രൂപം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**